# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1926 | 16.02.2016-ൽ മറുപടിയ്ക്ക്

## നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ

(എ) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2013, 2014, 2015 വർഷങ്ങളിലെ റിപ്പോർട്ടുകൾ പ്രകാരം താഴെപ്പറയുന്ന കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം എത്രാം സ്ഥാനത്താണ്; ഓരോ കുറ്റകൃത്യങ്ങളുടെയും ആകെ എണ്ണം എത്ര; ഓരോ വർഷവും ഓരോ കുറ്റകൃത്യത്തിലും എത്ര ശതമാനം വർദ്ധനവ്/കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്; (a)സ്റ്റേറ്റിനെതിരായ കുറ്റകൃത്യങ്ങൾ. കുറ്റകൃത്യങ്ങളുടെ സ്വഭാവം വിശദീകരിക്കാമോ; (b) കൊലപാതകങ്ങൾ (c) കൊലപാതക ശ്രമങ്ങൾ (d) ആത്മഹത്യകൾ (e) കർഷക ആത്മഹത്യകൾ (f) ലൈംഗികാതിക്രമങ്ങൾ (g)സ്ത്രീകൾക്ക നേരെയുള്ള അതിക്രമങ്ങൾ (h)കുട്ടികൾക്ക നേരെയുള്ള അതിക്രമങ്ങൾ (i) ഗുണ്ടാ ആക്രമണങ്ങൾ (j) പണം തട്ടിപ്പ് കേസുകൾ (k) സ്വത്ത് തട്ടിപ്പ കേസ്സുകൾ (l)പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക നേരെയുള്ള അതിക്രമങ്ങൾ (m) പട്ടികജാതി വിഭാഗങ്ങൾക്ക നേരെയുള്ള അതിക്രമങ്ങൾ (n) കൗമാരക്കാരായ പെൺകുട്ടികൾക്ക നേരെയുള്ള അതിക്രമങ്ങൾ

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) **(a)** സ്റ്റേറ്റിനെതിരെയുള്ള കുറ്റകൃത്യങ്ങളിൽ {sec.121, 121(A),122, 123, 124(A), IPC} 2014-ൽ ആകെ 7 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്റ്റേറ്റിനെതിരെയുള്ള കുറ്റകൃത്യങ്ങളിൽ 2014-ൽ 8-ാം സ്ഥാനമാണ് കേരളത്തിനുള്ളത്. 2012, 2013 വർഷങ്ങളിൽ സ്റ്റേറ്റിനെതിരെയുള്ള കുറ്റകൃത്യങ്ങൾ എന്ന വിഭാഗം NCRB യുടെ Proforma-യിൽ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ കേസുകളിൽ കേരളത്തിന്റെ സ്ഥാനവും, ശരാശരിയിലുള്ള വർദ്ധനവ്/കുറവ് എന്നിവയും ലഭ്യമല്ല.

**(b)** കൊലപാതക കേസുകളിൽ 2013-ൽ ആകെ 372 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (17-ാം സ്ഥാനം). 2014 ൽ ആകെ 367 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (13-ാം സ്ഥാനം). 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ 1.34% കേസുകളുടെ കുറവ് കാണുന്നുണ്ട്.

**(c)** കൊലപാതക ശ്രമങ്ങളുമായി ബന്ധപ്പെട്ട് 2013- ൽ ആകെ 603 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (16-ാം സ്ഥാനം), 2014-ൽ ആകെ 676 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (18-ാം സ്ഥാനം) 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ 12.10 % കേസുകളുടെ വർദ്ധനവ് കാണുന്നുണ്ട്.

**(d)** ആത്മഹത്യയുമായി ബന്ധപ്പെട്ട് 2013-ൽ 8646 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (7-ാം സ്ഥാനം). 2014-ൽ ആകെ 8446 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (7-ാം സ്ഥാനം). 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ 2.3% കേസുകളുടെ കുറവ് കാണുന്നുണ്ട്.

**(e)** കർഷക ആത്മഹത്യകളെ സംബന്ധിച്ചുള്ള കണക്കുകൾ NCRB-യിൽ ലഭ്യമല്ല.

**(f)** (i)ലൈംഗികാതിക്രമം: ബലാത്സംഗകേസുകളുമായി ബന്ധപ്പെട്ട് 2013-ൽ 1221 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (10-ാം സ്ഥാനം). 2014-ൽ ആകെ 1347 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (9-ാം സ്ഥാനം). 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ 10.3% കേസുകളുടെ വർദ്ധനവ് കാണുന്നുണ്ട്.

(ii) സെക്ഷൻ 354 IPC യുമായി ബന്ധപ്പെട്ട് 2013 ൽ 4362 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (2-ാം സ്ഥാനം). 2014 ൽ ആകെ 4367 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ( 6-ാം സ്ഥാനം). 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ 0.11% കേസുകളുടെ വർദ്ധനവ് കാണുന്നുണ്ട്.

(iii) സെക്ഷൻ 509 IPC യുമായി ബന്ധപ്പെട്ട് 2013-ൽ 404 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (10-ാം സ്ഥാനം). 2014 ൽ ആകെ 257 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (12-ാം സ്ഥാനം). 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ 36% കേസുകളുടെ കുറവ് കാണുന്നുണ്ട്.

**(g)** സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 2013-ൽ 11216 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (12-ാം സ്ഥാനം). 2014-ൽ ആകെ 11380 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (12-ാം സ്ഥാനം). 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ 1.46 % കേസുകളുടെ വർദ്ധനവ് കാണുന്നുണ്ട്.

**(h)** കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 2013-ൽ 1877 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (9-ാം സ്ഥാനം) 2014 -ൽ ആകെ 2391 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (10-ാം സ്ഥാനം). 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ 27.84% കേസുകളുടെ വർദ്ധനവ് കാണുന്നുണ്ട്.

**(i)** ഗുണ്ടാ ആക്രമണങ്ങൾ സംബന്ധിച്ച കണക്കുകൾ NCRB യിൽ ലഭ്യമല്ല.

**(j)&(k)** പണം തട്ടിപ്പ്/സ്വത്ത് തട്ടിപ്പ് കേസുകൾ വേർതിരിച്ച് ലഭ്യമല്ല. പണം തട്ടിപ്പ്/സ്വത്ത് തട്ടിപ്പ് കേസുകൾ നിലവിൽ cheating കേസുകളുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**(l)** പട്ടികജാതി വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 2013-ൽ 756 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (12-ാം സ്ഥാനം). 2014-ൽ ആകെ 816 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (15-ാം സ്ഥാനം). 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ 7.93% കേസുകളുടെ വർദ്ധനവ് കാണുന്നുണ്ട്.

**(m)** പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 2013-ൽ 135 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ( 10-ാം സ്ഥാനം). 2014-ൽ ആകെ 135 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (13-ാം സ്ഥാനം). 2013 ഉം 2014 ഉം തമ്മിൽ താരതമ്യം ചെയ്തതിൽ കേസുകളിൽ വർദ്ധനവോ കുറവോ കാണുന്നില്ല.

**(n)** കൗമാരക്കാരായ പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച വിവരം NCRB യിൽ ലഭ്യമല്ല.

2015-ലെ NCRB യുടെ കണക്കുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ 2014, 2015 വർഷങ്ങളിലെ താരതമ്യകണക്കുകൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ